# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

17.06.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2701

## കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | പ്രളയത്തിൽ ഒലിച്ചുപോയ കരുമ്പൻ മൂഴി-അരയാഞ്ഞിലിമൺ ശുദ്ധജല വിതരണ പദ്ധതികൾക്ക് പകരം പുതിയ പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതിക്ക് പകരം പുതിയ ശുദ്ധജലവിതരണ പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിനു കീഴിൽ 498 .50 ലക്ഷം രൂപയുടെയും SDRF നു കീഴിൽ 1.50 ലക്ഷം രൂപയുടെയും (ആകെ 500 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | എത്ര കുടുംബങ്ങളാണ് ഈ പദ്ധതികളുടെ കീഴിൽ ഉണ്ടായിരുന്നത് എന്നും ഓരോ പദ്ധതിയിലും ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു എന്നും വിശദമാക്കാമോ; | (ബി) | കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജല വിതരണ പദ്ധതിയുടെ കീഴിൽ ഏകദേശം 370 കുടുംബങ്ങൾ ആണ് ഉണ്ടായിരുന്നത്.ഈ പദ്ധതിയിൽ പെരുനാട് പഞ്ചായത്തിലെ അരയാഞ്ഞിലിമൺ വാർഡ് ആണ് ഉൾപ്പെട്ടിരുന്നത് |
| (സി) | ആദിവാസി കോളനികൾ ഉൾപ്പെടെ നിരവധി ആളുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ പദ്ധതി എന്ന നിലയിൽ പുതിയ പദ്ധതി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പുതിയ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഉടൻ തന്നെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ